## പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി II
# (ഭൂനികുതിയും ദേവസ്വവും)

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2018 ജൂൺ 20-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018.

പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി II
# (ഭൂനികുതിയും ദേവസ്വവും)

## 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5)പ്രകാരമുള്ളത്]

1047/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീ. എം. ഉമ്മർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരീഷ്, ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 28-12-2017, 10-4-2018 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

2018 ജൂൺ 11-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2018 ജൂൺ 11.

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി II-ന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2017 ഏപ്രിൽ 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ 28-12-2017, 10-4-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2017-18 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ ഭാഗം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം ഭാഗം II ആയും ചേർത്തിരിക്കുന്നു.

## ഭാഗം I

## 2017-2018 സാമ്പത്തിക വർഷത്ത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റിയെടുക്കുന്നതിനുള്ള പദ്ധതിക്കായി ബഡ്ജറ്റിൽ 1500 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 2029-00-001-98-എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും 1000 ലക്ഷം രൂപ പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥനക്കുകീഴിലെ 4059-01-051-60 എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ സ്മാർട്ട് റവന്യൂ ഓഫീസുകളുടെ നിർമ്മാണം എന്ന പദ്ധതിയുടെ ഘടകമായ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം എന്ന ഘടകത്തിനുള്ള ഫണ്ട് 2029-00-001-98 എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനാണ് പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതെങ്കിലും 2017-18-ലെ ബഡ്ജറ്റിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള 800 ലക്ഷം രൂപ ഭവനനിർമ്മാണം

1047/2018.

എന്ന ധനാഭ്യർത്ഥനക്കുകീഴിലെ ഭവനനിർമ്മാണ വകുപ്പിന്റെ 4216-01-700-85 എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയോ ഭവനനിർമ്മാണ വകുപ്പ് മുഖേനയോ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടിക്രമങ്ങളിലെ കാലതാമസം തടസ്സമാകുമെന്നതിനാൽ നിലവിൽ പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥന നമ്പർ XV-ന് കീഴിലെ 4059-01-051-60 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1000 ലക്ഷം രൂപയും ഭവന നിർമ്മാണം എന്ന ധനാഭ്യർത്ഥന നമ്പർ XXI-ന് കീഴിലെ 4216-01-700-85 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 800 ലക്ഷം രൂപയും റവന്യൂ വകുപ്പിന്റെ 2029-00-001-98 എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥന നമ്പർ XV-ന് കീഴിലെ 4059-01-051-60 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1000 ലക്ഷം രൂപ 2029-00-001-98 എന്ന ശീർഷകത്തിൽ മാറ്റി അനുവദിച്ച് ലഭ്യമാക്കുകയും അതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 29-8-2017-ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനപ്രകാരം 32 സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 8 കോടി രൂപയുള്ള ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത 32 സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് 27-9-2017-ന് പൊതുമരാമത്ത് വകുപ്പ് അധികൃതർക്ക് നേരിട്ട് കൈമാറുകയുണ്ടായി. പ്രസ്തുത ക്വാർട്ടേഴ്സ് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ബന്ധപ്പെട്ട് അവലോകനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനും പ്രസ്തുത നിർമ്മാണത്തിനാവശ്യമായ സ്ഥലം പൊതുമരാമത്ത് വകുപ്പിന് എത്രയുംവേഗം കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുവാനും അതാത് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി കൃത്യമായി അവലോകനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനും ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

റവന്യൂ വകുപ്പിൻ കീഴിലുള്ള പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം എന്ന പദ്ധതിയുടെ ഘടകങ്ങളായി 2017-18 മുതൽ ഉൾപ്പെടുത്തിയിട്ടുള്ള വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, കോൺഫറൻസ് ഹാൾ നവീകരണം എന്നീ പ്രവൃത്തികൾക്കുള്ള ഫണ്ട് 2029-00-800-77 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിക്കുന്നതിനാണ്

പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതെങ്കിലും 2017-18-ലെ ബഡ്ജറ്റിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാൾ നവീകരണത്തിന് അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ പൊതുമരാമത്ത് എന്ന XV-ാം ധനാഭ്യർത്ഥനക്ക് കീഴിലുള്ള 2059-01-051-82 എന്ന ബഡ്ജറ്റ് ശീർഷകത്തിലും വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ചിട്ടുള്ള 1500 ലക്ഷം രൂപ ഇതേ ധനാഭ്യർത്ഥനയുടെ തന്നെ 2059-01-051-81 (700 ലക്ഷം രൂപ), 4059-01-051-61 (800 ലക്ഷം രൂപ) എന്നീ ബഡ്ജറ്റ് ശീർഷകങ്ങളിലുമായാണ് വകയിരുത്തിയിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടിക്രമങ്ങളിലെ കാലതാമസം തടസ്സമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കളക്ടറേറ്റ് കോൺഫറൻസ് ഹാൾ നവീകരണത്തിന് അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ 2059-01-051-82 എന്ന ശീർഷകത്തിൽനിന്നും വില്ലേജ് ഓഫീസുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിന് അനുവദിച്ചിട്ടുള്ള 1500 ലക്ഷം രൂപ 2059-01-051-81, 4059-01-051-61 എന്നീ ശീർഷകങ്ങളിൽ നിന്നും 2029-00-800-77 എന്ന ശീർഷകത്തിലേക്കും മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

21-8-2017-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാൾ നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ അനുവദിച്ചിരുന്ന 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് പ്രസ്തുത തുക 2029-00-001-98 എന്ന ശീർഷകത്തിലേക്ക് മാറ്റി അനുവദിച്ച് ലഭ്യമാക്കുകയും പ്രസ്തുത തുക റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ചിട്ടുള്ള 1500 ലക്ഷം രൂപ റവന്യൂ വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് മാറ്റി അനുവദിച്ച് ലഭ്യമാക്കുകയും അതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

സംസ്ഥാനത്ത് തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ പുതിയതായി ഓരോ റവന്യൂ ഡിവിഷനുകളും കണ്ടംകുളം, പയ്യന്നൂർ എന്നിവിടങ്ങളിൽ താലൂക്കുകളും രൂപീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിനാൽ ഈ ആവശ്യത്തിലേക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് രണ്ടാം ഘട്ട ഉപധനാഭ്യർത്ഥന പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

സംസ്ഥാനത്തെ ദുരന്തനിവാരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ച് 5 വർഷം പൂർത്തിയായിട്ടും അതോറിറ്റിക്ക് ബഡ്ജറ്റിൽ നോൺ പ്ലാൻ ഹെഡിൽ തുക അനുവദിച്ചിട്ടില്ലെന്നും ജീവനക്കാരുടെ ശമ്പളം വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെ പ്ലാൻഫണ്ടിൽ നിന്നാണ് നൽകിവരുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ ദുരന്തനിവാരണ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് നോൺ പ്ലാൻ ഇനത്തിൽ 52.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷത്തിൽ 2053-00-094-50 ശീർഷകത്തിൽ 5,00,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി ശീർഷകത്തിലെ ബഡ്ജറ്റ് പ്രൊവിഷൻ ഉപയോഗിച്ച് തീരുന്ന മുറയ്ക്ക് അധിക തുകയ്ക്കുള്ള ശിപാർശ ധനകാര്യവകുപ്പിലേക്ക് സമർപ്പിക്കുന്നതാണ്.

<u>ശിപാർശ</u>

ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് പ്രാദേശിക വോളന്റിയർമാരെ പരിശീലിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ 100% ഗ്രാന്റോടുകൂടി ആവിഷ്കരിച്ചിട്ടുള്ള ആപത്താമിത്ര എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും 22.7 ലക്ഷം രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. കേന്ദ്രസർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള തുക ലഭിക്കുന്നതിനായി ബഡ്ജറ്റിൽ പുതിയ ശീർഷകം അനുവദിക്കണമെന്നും 22.7 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

2017 ആഗസ്റ്റ് മാസത്തെ ഉപധനാഭ്യർത്ഥനയിൽ 2245-80-102-94 (PV) എന്ന ശീർഷകത്തിൽ (Demand XXVI Relief on Account of Natural Calamities) 22.70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ വെള്ളറടയിൽ വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം തീപിടിത്തത്തിൽ നശിച്ചുപോയതിനെ തുടർന്ന് നിലവിൽ വാടക കെട്ടിടത്തിലാണ് വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നതെന്നും തൃശ്ശൂർ ജില്ലയിലെ പീച്ചി-പാണഞ്ചേരി ജോയിന്റ് വില്ലേജ് ഓഫീസിൽ ആവശ്യത്തിന് സ്ഥലസൗകര്യമില്ലാത്തതിനാൽ രേഖകൾ സൂക്ഷിക്കുവാൻ സാധിക്കാതെ നശിച്ചു പോകുന്നതിനാൽ ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ അഞ്ഞൂറോളം സർവ്വെ നമ്പരുകളിലെ ആളുകൾക്ക് പട്ടയം ലഭിക്കാത്ത അവസ്ഥയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ 'സ്മാർട്ട് റവന്യൂ ഓഫീസുകൾ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വെള്ളറട, തൃശ്ശൂർ ജില്ലയിലെ പീച്ചി-പാണഞ്ചേരി എന്നീ വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ജില്ലയിലെ വെള്ളറട വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് പഴയ കെട്ടിടം സ്ഥിതി ചെയ്തിരുന്ന ബ്ലോക്ക് നമ്പർ 36 റീസർവ്വെ 341/10-ൽ ഉൾപ്പെട്ട സ്ഥലം റവന്യൂ രേഖ പ്രകാരം ഫോറസ്റ്റ് വക എന്നു കാണുന്നതിനാൽ അതു റവന്യൂവകുപ്പിലേക്ക് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിലെ പീച്ചി/പാണഞ്ചേരി വില്ലേജ് ഓഫീസുകൾക്ക് ഇരു നിലകളിലായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ 2017-18 പ്ലാൻ സ്കീമിൽ ഒന്നാം നിലയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ

സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി വനം മന്ത്രാലയം ക്ലിയറൻസ് നൽകിയത് പ്രകാരം പട്ടയം കൊടുക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ മണ്ഡലമുൾപ്പെടുന്ന പ്രദേശത്തിനനുവദിച്ച 1868 ഹെക്ടറോളം വനഭൂമിയിൽ 700 ഹെക്ടറോളം ഭൂമിക്ക് മാത്രമേ പട്ടയം നൽകിയിട്ടുള്ളുവെന്നും ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് നഷ്ടപ്പെട്ടതുമൂലം 206 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാതിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ പട്ടയം നൽകാനുള്ള 1100 ഹെക്ടർ ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകൾക്ക് നിയമപരമായി പട്ടയം അനുവദിക്കുന്നതിലേക്കായി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ മണ്ഡലത്തിൽപ്പെടുന്ന വനഭൂമി പതിവിന് അപേക്ഷിച്ചിട്ടുള്ളവരിൽ ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമല്ലാത്തതായ 204 കേസുകളിലും USRF/RF എന്ന് സർവ്വെ നമ്പറിനു പകരം രേഖപ്പെടുത്തിയ 224 കേസുകളിലും പതിവു നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. വനഭൂമി പതിവിനുള്ള ആധികാരിക രേഖയായ JVR-നു പകരം മറ്റൊരു രേഖയും ഭൂമി പതിവിന് ഉപയോഗിക്കാനാവില്ലെന്നതിനാൽ തുടർ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് സാധിച്ചിരുന്നില്ല. അതുപോലെ പതിവിനാവശ്യമായ രേഖകൾ കക്ഷികൾ ഹാജരാക്കാത്തതിനാലും കൈവശം വച്ചു വരുന്ന ഭൂമിയിലെ നഷ്ടപ്പെട്ട മരങ്ങളുടെ വില ഒടുക്കാത്തതിനാലും 422 കേസുകളിൽ പതിവ് നടപടി സ്വീകരിച്ചിട്ടില്ലാത്തതാണെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

തൃശ്ശൂർ ജില്ലയിലെ വിവിധ വകുപ്പുകൾക്ക് കീഴിലെ പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനായി 11-10-2017-ന് രാവിലെ 11.30 മണിയ്ക്ക് ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ രേഖകൾ ഇല്ല എന്ന കാരണത്താൽ കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ പട്ടയം നൽകാതിരിക്കുന്നത് ശരിയല്ലാ എന്നും അപേക്ഷകരുടെ കൈവശം പരിശോധന സംബന്ധിച്ച രേഖകൾ ഉണ്ടെങ്കിൽ ആയത് റവന്യൂ/വനം വകുപ്പ് ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാക്കുന്നതിന് നിർദ്ദേശിച്ച് അതിനനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്നും

1995-ൽ കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ മരവില നിശ്ചയിക്കുന്നതിനുവേണ്ട നയപരമായ തീരുമാനം കൈക്കൊള്ളാൻ വനം വകുപ്പ് നടപടി സ്വീകരിക്കണമെന്നും ബഹു. റവന്യൂ വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം സബ്ജക്ട് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ താല്പര്യപ്പെടുന്നു.

## ഭാഗം II

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക |
|---|---|---|
| 1 | റവന്യൂ | 3-6, 9 |
| 2 | ദേവസ്വം | 11-23, 25, 27 |

ഇ. ചന്ദ്രശേഖരൻ,

തിരുവനന്തപുരം,
2018 ജൂൺ 11.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.